# പതിമൂന്നാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 231
# 27.6.2011 – ൽ മറുപടിയ്ക്ക്

<u>ഹൗസിംഗ് ലോണിന് വേണ്ടി ഈട് നൽകിയ പ്രമാണം തിരികെ ലഭിക്കുന്നതിനുള്ള നടപടി</u>

<u>ചോദ്യം</u>

ശ്രീ. പി. സി. വിഷ്ണുനാഥ് :

<u>ഉത്തരം</u>

ശ്രീ. കെ.എം. മാണി,
ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചെങ്ങന്നൂർ താലൂക്കിൽ എണ്ണയ്ക്കാട് വില്ലേജിൽ മാമ്പ്ര വീട്ടിൽ ശാന്തമ്മ വീട് പണിയുന്നതിനാവശ്യമായി 1999 – 2000 സാമ്പത്തിക വർഷത്തിൽ ചെങ്ങന്നൂർ താലൂക്കിൽ റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ഒരു ലക്ഷം രൂപ വസ്തു പണയപ്പെടുത്തി ലോണെടുക്കുകയും മാസാമാസം ടി തുക തവണ വ്യവസ്ഥയിൽ തിരിച്ചടയ്ക്കുകയും 22.1.2008 ൽ നീക്ക് ബാക്കി തുക അടച്ച് കടം തീർത്തിട്ടും ഈട്ടു നൽകിയ പ്രമാണം തിരികെ നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | പ്രമാണം തിരികെ നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി അംഗത്തിന്റെ പേരിലുള്ള വായ്പ സംഘത്തിന്റെ റിക്കാർഡുകൾ പ്രകാരം അടച്ചു തീർത്തിട്ടുള്ളതാണെങ്കിലും കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ ടിയാളുടെ പേരിലുള്ള വായ്പ ബന്ധപ്പെട്ട സംഘം പൂർണ്ണമായും അടച്ചുതീർത്തിട്ടില്ലാത്തതിനാൽ, പ്രമാണം തിരികെ നൽകുന്നതിന് സാധിച്ചിട്ടില്ല. ഫെഡറേഷനിൽ ഇപ്പോഴും ടി വായ്പ കുടിശ്ശികയാണ്. ടി വായ്പ കണക്ക് ഫെഡറേഷനിൽ അവസാനിപ്പിക്കുന്നതിന് 2,67,723/- രൂപ സംഘം അടയ്ക്കേണ്ടതായിട്ടുണ്ട്. |
| (ബി) | ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | | |
| (സി) | പ്രമാണം തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ | (സി) | പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | | നിന്നും വായ്പയെടുത്ത് തിരിച്ചടവ് നടത്തിയവരുടെ പ്രമാണങ്ങൾ തിരികെ നൽകുന്നതിന് ഹൗസിംഗ് ഫെഡറേഷന് ഒരു പാക്കേജ് സഹകരണസംഘം രജിസ്ട്രാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ആയത് പ്രകാരം ശ്രീമതി. ശാന്തമ്മ ഈട് നൽകിയ പ്രമാണം തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ